“ഭരണ ഭാഷാ മാതൃഭാഷ”

# താലൂക്ക് ആശുപത്രി, നാദാപുരം

നാദാപുരം (പി.ഓ), കോഴിക്കോട് ജില്ല 673504

☎0496 2552480, ✉thnadapuram@gmail.com

നമ്പർ:C1/416/2025 തിയ്യതി:03.06.2025

## ക്വട്ടേഷൻ ലേല പരസ്യം

നാദാപുരം താലൂക്ക് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗ ശൂന്യമായതും, കാലാഹരണപ്പെട്ടതുമായ ഇരുമ്പ്, സ്റ്റീൽ മുതലായവ ലോഹനിർമ്മിത സാധനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളും സാമഗ്രികളും വിൽക്കുന്നതിനായി മത്സര സ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിക്കുന്നതിനും, ലേലം നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു. ക്വട്ടേഷൻ/ലേല തീയ്യതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജി.എസ്.ടി രജിസ്ട്രേഷനുള്ള ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

ക്വട്ടേഷനുകൾ 18.06.2025 ന് രാവിലെ 11 മണി വരെ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വെച്ച് മേൽ സൂചിപ്പിച്ച സാധനസാമഗ്രികൾ പരസ്യമായി ലേലം ചെയ്യുന്നതാണ്. ഇഎംഡി തുക അടയ്ക്കുന്ന വ്യക്തിയോ ടിയാൾ ചുമതലപ്പെടുത്തുന്ന വ്യക്തിക്കോ (ഒരാൾ മാത്രം) മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ലേല നടപടികളിൽ പങ്കെടുക്കുന്നതിന് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമാണ്. ആയത് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കേതാണ്.

പ്രസ്തുത ലേലത്തിൽ ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കും, ക്വട്ടേഷനുകൾ സമർപ്പിക്കാത്തവർക്കും 1000/-(ആയിരം രൂപ മാത്രം) നിരതദ്രവ്യം അടച്ച് പങ്കെടുക്കാവുന്നതാണ്. പരസ്യ ലേലം അവസാനിച്ച ശേഷം, ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ ക്വട്ടേഷനിലോ (രണ്ടും കൂടി ഒരുമിച്ച് പരിഗണിക്കുമ്പോൾ) ഏറ്റവും ഉയർന്ന തുക വിളിച്ച/ രേഖപ്പെടുത്തിയ വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ പേരിൽ ലേലം ഉറപ്പാക്കുന്നതായിരിക്കും. ലേലം ഉറപ്പിച്ച വ്യക്തി ലേലതുകയും നിയമാനുസൃതമായ നികുതിയും(ജി.എസ്.ടി) അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേതാണ്. മേൽ സൂച്ചിപ്പിച്ച തുകകൾ അടച്ച ശേഷം ലേലം ഉറപ്പിച്ച വ്യക്തി, ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല സാധനങ്ങൾ അവ ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ രോഗികൾക്കോ ജീവനക്കാർക്കോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കോ യാതൊരുവിധ ബുദ്ധിമുട്ടും വരുത്താതെ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ(പ്രവൃത്തി സമയം: രാവിലെ 10 മണി മുതൽ 5 മണി വരെ) നീക്കം ചെയ്യേണ്ടതാണ്. ആശുപത്രി പരിസരത്ത് വെച്ച് ലേലം സാധനങ്ങൾ മറുലേലം ചെയ്യാൻ പാടില്ല.

മേൽ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം/ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും, ടിയാൾ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ക്വട്ടേഷൻ/ലേലം വിളിക്കുന്നതുമായിരിക്കും.

ലേലത്തിന് മുമ്പ് സാധനങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 വരെ സമയങ്ങളിൽ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്.

മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ, മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കാനോ മാറ്റി വയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. വ്യവസ്ഥകൾ പാലിക്കാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആശുപത്രി ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.(ഫോൺ: 0496-2552480)

OFFICE OF THE TALUK HOSPITAL
NADAPURAM - 673 504

സൂപ്രണ്ട്
താലൂക്ക് ആശുപത്രി നാദാപുരം

പകർപ്പ്

എ) നോട്ടീസ് ബോർഡ്

1. ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം(വെബ് സൈറ്റിലേക്ക്)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്
3. സെക്രട്ടറി, തൂണേരി ബ്ലോക്ക് പഞ്ചായത്ത്/നാദാപുരം ഗ്രാമ പഞ്ചായത്ത്
4. വില്ലേജ് ഓഫീസ് നാദാപുരം

ബി) ഡെപ്യൂട്ടി നേഴ്സിങ് സൂപ്രണ്ട്/സീനിയർ ഫാർമസിസ്റ്റ്(സ്റ്റോർ ഇൻചാർജ്)